# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *324 — 10/05/2017-ൽ മറുപടിക്ക്

## പകർച്ച വ്യാധികൾ വ്യാപകമാകാതിരിക്കാനുള്ള മുൻകരുതൽ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.സി.കെ. ഹരീന്ദ്രൻ**<br>**,, വി. കെ. സി. മമ്മത് കോയ**<br>**,, ഒ. ആർ. കേളു** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) എച്ച്1എൻ1 വൈറസ് രോഗ ബാധിതരുടെ എണ്ണം വർദ്ധിച്ച് വരുന്നതായുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനെതിരെ സ്വീകരിച്ച ജാഗ്രതാ നടപടികൾ അറിയിക്കാമോ; മരുന്ന് ലഭ്യത ഉറപ്പാക്കാൻ സാധ്യമായിട്ടുണ്ടോ; | എ) 2017 വർഷത്തിന്റെ തുടക്കത്തിൽ ആദ്യത്തെ 2 മാസങ്ങളിൽ തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ എച്ച്1 എൻ1 ന്റെ ഒരു നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും ജാഗ്രതാ നിർദ്ദേശം നേരിട്ടും, അവലോകന യോഗങ്ങളിലുമായി നൽകി. ഇതിനായി ജില്ലകളിൽ, ജില്ലാ പര്യവേക്ഷണ ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തി. ആരോഗ്യവകുപ്പ് ഡയറക്ടർ ഈ കാലയളവിൽ 2 തവണകളായി ജനങ്ങൾക്കും ഡോക്ടർ-മാർക്കും വേണ്ടി ജാഗ്രതാ പത്രക്കുറിപ്പുകൾ പുറപ്പെടുവിച്ചു. സംസ്ഥാനത്ത് പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജ് വരെ ചികിത്സയ്ക്ക് ആവശ്യമായ ഒസൽറ്റാമിവിർ (OSELTAMIVIR) മരുന്നിന്റെ ലഭ്യത ഉറപ്പാക്കാൻ വേണ്ടി ആശുപത്രികളിലും കെ.എം.എസ്.സി.എൽ വഴിയും ഉള്ള നടപടികൾ സ്വീകരിച്ചു. ചികിത്സ നടപ്പിലാക്കാൻ വേണ്ടിയുള്ള മെഡിക്കൽ മാർഗ്ഗ രേഖകൾ എല്ലാ മാർഗ്ഗങ്ങളിൽ കൂടെയും പുനർ വിതരണം നടത്തുകയും ആരോഗ്യവകുപ്പിന്റെയും നാഷണൽ ഹെൽത്ത് മിഷന്റെയും വെബ്സൈററുകളിൽ പ്രസിദ്ധീ-കരിക്കുകയും ചെയ്തു. മെഡിക്കൽ കോളേജ് ആശുപത്രി, ജില്ലാ ആശുപത്രി മുതലായ |

➡

ചികിത്സാ കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ, ഐ.സി സേവനങ്ങൾ, വെന്റിലേറ്റർ ലഭ്യത എന്നിവ ഉറപ്പാക്കാൻ ആരോഗ്യ-വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കുകയും ജില്ലാ മെഡിക്കൽ ആഫീസർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. രോഗത്തിന്റെ സ്ഥിതി നിലവാരവും സംസ്ഥാനത്തെ അവസ്ഥയും ദൈനംദിനമായി വിലയിരുത്താൻ വേണ്ട അധിക നിർദ്ദേശങ്ങൾ പരിഗണിക്കാനും എച്ച്1 എൻ1 സംസ്ഥാന കൺട്രോൾ റൂം ദിവസവും പ്രവർത്തിച്ചുവരുന്നു.

ഗർഭിണികൾക്കുള്ള പ്രത്യേക ഹൈറിസ്ക് പരിഗണിച്ചുകൊണ്ട് അവരെ ആഴ്ചയിൽ 3 തവണ അവരുടെ ആരോഗ്യം വിലയിരുത്താനും വേണ്ടി വന്നാൽ അടിയന്തര ചികിത്സ നൽകാനും ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് പ്രത്യേക നിർദ്ദേശങ്ങൾ ഇതിനു പുറമെ നൽകിയിട്ടുണ്ട്.

ജനങ്ങൾക്കുള്ള സംശയ നിവാരണത്തിനും സേവന സഹായ-ങ്ങൾക്കും വേണ്ടി "ദിശ" എന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന ആരോഗ്യ-വകുപ്പ് കോൾ സെന്റർ (0471 – 2552056 അല്ലെങ്കിൽ 1056 ടോൾഫ്രീ) വഴി സംവിധാനങ്ങൾ നിലവിൽ വരുത്തി.

എച്ച്1 എൻ1 ചികിത്സ നൽകാൻ ആവശ്യമുള്ള പരിശീലനം ഡോക്ടർ-മാർക്ക് ജില്ലാ മെഡിക്കൽ ആഫീസർ തലത്തിലും പരിഭ്രാന്തി കൂടാതെ കാര്യക്ഷമമായി ഈ അവസ്ഥ നേരിടാൻ ആവശ്യമായ അറിവ് ജനങ്ങൾക്ക് നൽകാൻ ടി.വി., റേഡിയോ, പത്ര-മാധ്യമങ്ങളിൽ കൂടിയുള്ള ബോധ-വൽക്കരണ പരിപാടികളും നടത്തി-വരുന്നു. വാക്സിൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് എച്ച്1 എൻ1 കൂടുതൽ വരുവാൻ സാഹചര്യമുള്ളവർക്ക് നൽകുന്നതിനുള്ള സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| **ബി)** | ഡെങ്കിപ്പനി തുടങ്ങിയ പകർച്ച വ്യാധികൾ വ്യാപകമാകാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ എന്തെല്ലാമാണ്; | **ബി) യും സി) യും** | പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും ഓരോ ജില്ലകളിലേയും പ്രത്യേകതകളും ആവശ്യങ്ങളും അടിസ്ഥാനപ്പെടുത്തി ഒരു വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി സമയ-ബന്ധിതമായി നടപ്പാക്കി വരുന്നു. മഴക്കാലം തുടങ്ങുന്നതിന് മുൻപേ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും ശുചിത്വ മിഷനേയും ഇതര വകുപ്പുകളേയും ഒത്തൊരുമിപ്പിച്ച് മഴക്കാലപൂർവ്വ ശുചീകരണവും രോഗ പ്രതിരോധ, ബോധവൽക്കരണ ക്യാമ്പെയിനുകളും നടപ്പിലാക്കി വരുന്നു. തന്മൂലം പകർച്ച-വ്യാധികൾ വരാനുള്ള സാഹചര്യം ഒരളവുവരെ നിയന്ത്രിക്കാനും സാധിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടേയും മറ്റ് ഉദ്യോഗസ്ഥരുടെയും, മരുന്നിന്റെയും രോഗനിയന്ത്രണത്തിനുള്ള സാധന സാമഗ്രികളുടെ ലഭ്യത ഉറപ്പ് വരുത്താനായി ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പരിപാടി 2017 ന്റെ ഭാഗമായി വിവിധ വിഭാഗങ്ങളുടെ ഏകോപനം സംബന്ധിച്ച് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 6.3.2017 തീയതിയിൽ യോഗം ചേർന്ന് ഓരോ വകുപ്പും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| **സി)** | മഴക്കാല പൂർവ ശുചീകരണത്തിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | | |

**സെക്ഷൻ ഓഫീസർ**